ലേഖനം

ഹൈദറലി ശാന്തപുരം

### സയ്യിദ് ഖുത്ബിന്റെ രക്തസാക്ഷ്യം 43 വർഷം പിന്നിടുന്നു

# സയ്യിദ് ഖുത്ബിനെ ഓർക്കുമ്പോൾ



**വധശിക്ഷാവിധി വായിച്ചു കേൾപിച്ചപ്പോൾ സയ്യിദ് ഖുത്ബ് പറഞ്ഞു: "ഇത്തവണ ഗവൺമെന്റിന് എന്റെ ശിരസ്സാണ് ആവശ്യമെന്ന് എനിക്ക് ആദ്യമേ അറിയാം. എനിക്കതിൽ ഒട്ടും ഖേദമില്ല. മരണത്തെക്കുറിച്ച് എനിക്ക് ദുഃഖമില്ല. ലക്ഷ്യത്തിനു വേണ്ടി ജീവൻ ബലിയർപ്പിക്കാൻ സാധിച്ചതിൽ സന്തോഷമേയുള്ളൂ. ഞങ്ങളോ ഭരണകൂടമോ ആരായിരുന്നു സത്യമാർഗത്തിൽ എന്ന് ഭാവി ചരിത്രകാരന്മാർ രേഖപ്പെടുത്തും. അല്ലാഹുവിന് സ്തുതി. കഴിഞ്ഞ പതിനഞ്ചു വർഷമായി രക്തസാക്ഷ്യത്തിന് വേണ്ടി പ്രവർത്തിക്കുകയായിരുന്നു ഞാൻ."**

**ആഗസ്റ്റ്** 29. സമകാലിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ സംബന്ധിച്ചേടത്തോളം അവിസ്മരണീയ ദിനം. 43 വർഷം മുമ്പ്, കൃത്യമായി പറഞ്ഞാൽ 1966 ആഗസ്റ്റ് 29ന് ആയിരുന്നു ഇസ്‌ലാമിന്റെ ഉയിർത്തെഴുന്നേൽപിനു വേണ്ടി പ്രവർത്തിച്ചതിന്റെ പേരിൽ, ധീര മുജാഹിദും ഖുർആന്റെ തണലിൽ ജീവിച്ച ചിന്തകനുമായ സയ്യിദ് ഖുത്ബിനെ ജമാൽ അബ്ദുന്നാസിറിന്റെ പട്ടാള ഭരണകൂടം അന്യായമായി തൂക്കിലേറ്റിയത്.

സമകാലിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളിൽ ഏറ്റവും കിരാത പീഡനങ്ങൾക്ക് ഇരയാക്കപ്പെടുകയും നിരവധി രക്തസാക്ഷികളെ സംഭാവന ചെയ്യുകയും ചെയ്ത പ്രസ്ഥാനമാണ് അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ. 1928 മാർച്ചിൽ തന്നെ സന്ദർശിക്കാൻ വീട്ടിലെത്തിയ ഹാഫിള് അബ്ദുൽ ഹമീദ്, അഹ്മദുൽ ഹുസ്വരി, ഫുആദ് ഇബ്റാഹീം, അബ്ദുർറഹ്മാൻ ഹസ്ബുല്ലാഹ്, ഇസ്മാഈൽ ഇസ്സ്, സകീ അൽമഗ്‌രിബി എന്നീ ആറു പേരെ ഉൾപ്പെടുത്തി ഇമാം ഹസനുൽ ബന്നാ രൂപവത്കരിച്ച അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ ചുരുങ്ങിയ കാലംകൊണ്ട്

ഈജിപ്ഷ്യൻ സമൂഹത്തിൽ സജീവ സാന്നിധ്യമറിയിച്ചു. 1948-ൽ ഫലസ്തീൻ യുദ്ധത്തിൽ പങ്കെടുത്ത് ഇസ്രയേലിനെതിരെ ധീരമായി പോരാടി തങ്ങളുടെ ശക്തി തെളിയിച്ചു. എന്നാൽ ഇഖ്‌വാന്റെ വളർച്ചയിൽ അപകടം ദർശിച്ച സാമ്രാജ്യത്വശക്തികളും അവരുടെ പാവയായിരുന്ന ഫാറൂഖ് രാജാവിന്റെ ഭരണകൂടവും ഗൂഢാലോചന നടത്തുകയും ഇഖ്‌വാനുൽ മുസ്‌ലിമൂന് എതിരെ നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയുമാണ് ചെയ്തത്. അതേ വർഷം ഇഖ്‌വാനെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. 1949 ഫെബ്രുവരി 12ന് ഫാറൂഖ് രാജാവിന്റെ കിങ്കരന്മാർ ഇരുളിന്റെ മറവിൽ ഇമാം ഹസനുൽ ബന്നായുടെ നേരെ നിറയൊഴിച്ച് അദ്ദേഹത്തെ കൊലപ്പെടുത്തി. രക്തസാക്ഷിയാവുമ്പോൾ 43 വയസ്സ് മാത്രമായിരുന്നു അദ്ദേഹത്തിനു പ്രായം.

1952-ൽ ഈജിപ്തിൽ പട്ടാള വിപ്ലവത്തിലൂടെ രാജഭരണത്തിന് വിരാമമായി. ജമാൽ അബ്ദുന്നാസിർ പ്രസിഡന്റായി അധികാരമേറ്റു. തുടക്കത്തിൽ ഇഖ്‌വാനും അബ്ദുന്നാസിറും തമ്മിൽ നല്ല ബന്ധമായിരുന്നു. രാജഭരണകാലത്ത് ജയിലിലായിരുന്ന ഇഖ്‌വാൻ പ്രവർത്തകർ വിമോചിതരായി.

1948 മുതൽ സയ്യിദ് ഖുത്ബ് ഒരു ഇസ്‌ലാമിക പരിഷ്കർത്താവായിരുന്നുവെങ്കിലും ഇഖ്‌വാനുൽ മുസ്‌ലിമൂനുമായി നേരിട്ട് ബന്ധമുണ്ടായിരുന്നില്ല. ആദ്യകാലത്ത് വിപ്ലവ കൗൺസിലുമായി അദ്ദേഹം അടുത്ത ബന്ധം പുലർത്തിയിരുന്നു. പട്ടാള ഭരണകൂടവും ഇഖ്‌വാനും തമ്മിൽ ഇടഞ്ഞപ്പോൾ കുറച്ചുകാലം അദ്ദേഹം മധ്യസ്ഥനായി വർത്തിച്ചു. എന്നാൽ വിപ്ലവ കൗൺസിലിന്റെ പോക്ക് ശരിയല്ലെന്ന് ബോധ്യപ്പെട്ടപ്പോൾ അവരുമായി വേർപിരിഞ്ഞു. അദ്ദേഹം പ്രഖ്യാപിച്ചു: "രാജഭരണം അവസാനിക്കുക എന്നതല്ല വിപ്ലവത്തിന്റെ ലക്ഷ്യം. രാജ്യം ഇസ്‌ലാമിലേക്ക് തിരിച്ചുപോവുക എന്നതാണ്."

സയ്യിദ് ഖുത്ബ് അമേരിക്കയിലായിരിക്കെ ഉണ്ടായ രണ്ട് സംഭവങ്ങളാണ് അദ്ദേഹത്തെ ഇഖ്‌വാനുമായി അടുപ്പിച്ചത്. ഇമാം ഹസനുൽ ബന്നാ രക്തസാക്ഷിയായ വിവരമറിഞ്ഞ് അമേരിക്കക്കാർ അതിയായ ആഹ്ലാദവും സന്തോഷവും പ്രകടിപ്പിക്കുന്നത് കണ്ടു എന്നതാണ് ഒന്നാമത്തേത്. ഇഖ്‌വാനുൽ മുസ്‌ലിമൂൻ അപകടകാരിയാണെന്ന് ഒരു ബ്രിട്ടീഷ് രഹസ്യാന്വേഷണ ഉദ്യോഗസ്ഥൻ അദ്ദേഹത്തിന് മുന്നറിയിപ്പ് നൽകി എന്നതാണ് രണ്ടാമത്തേത്.

1953-ൽ ആണ് സയ്യിദ് ഖുത്ബ് ഇഖ്‌വാനുമായി ചേർന്ന് പ്രവർത്തിക്കുന്നത്. 1954-ൽ ഇഖ്‌വാന്റെ മുഖപത്രമായ *അൽ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ* ചീഫ് എഡിറ്ററായി നിയമിക്കപ്പെട്ടു. രണ്ടു മാസം മാത്രമേ ആ സ്ഥാനത്തിരിക്കാൻ കഴിഞ്ഞുള്ളൂ. 1954 ജൂലൈ ഏഴിന് പ്രസിഡന്റ് ജമാൽ അബ്ദുന്നാസിറും ബ്രിട്ടീഷ് ഗവൺമെന്റും തമ്മിലുണ്ടാക്കിയ ആംഗ്ലോ-ഈജിപ്ഷ്യൻ കരാറിനെ വിമർശിച്ചു എന്ന കാരണത്താൽ ഗവൺമെന്റ് പത്രം നിരോധിച്ചു. ഇഖ്‌വാനെ സംബന്ധിച്ചേടത്തോളം പരീക്ഷണങ്ങളുടെ തുടക്കമായിരുന്നു അത്. സംഘടന നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെടുകയും ആയിരക്കണക്കിൽ പ്രവർത്തകർ ജയിലിലടക്കപ്പെടുകയും ചെയ്തു. ആഴ്ചകൾക്കുള്ളിൽ അര ലക്ഷം പേരാണ് തുറുങ്കിലടക്കപ്പെട്ടത്. പലരും ക്രൂരമായ പീഡനങ്ങൾക്ക് ഇരകളായി. തുറുങ്കിലടക്കപ്പെട്ടവരിൽ സയ്യിദ് ഖുത്ബുമുണ്ടായിരുന്നു.

ഭരണകൂടത്തെ അട്ടിമറിക്കാൻ ഗൂഢാലോചന നടത്തി എന്ന കുറ്റമാരോപിച്ച് ഇഖ്‌വാൻ നേതാക്കളായ അബ്ദുൽ ഖാദിർ ഔദ, മുഹമ്മദ് ഫർഗലി, യൂസുഫ് ത്വൽഹത്ത്, ഇബ്റാഹീമുത്ത്വയ്യിബ്, ഹസൻ ദാവീദ് ഖൈർ, മഹ്മൂദ് അബ്ദുല്ലത്വീഫ് എന്നിവരെ നാസിറിന്റെ കിരാത ഭരണകൂടം തൂക്കിലേറ്റി. 1954 നവംബർ ഏഴിനായിരുന്നു അത്.

1955 ജൂലൈ 13-ന് ഈജിപ്തിലെ 'ജനകീയ കോടതി' സയ്യിദ് ഖുത്ബിനെ 15 വർഷത്തെ കഠിന തടവിന് ശിക്ഷിച്ചു. ഒരു വർഷം കഴിഞ്ഞപ്പോൾ പ്രസിഡന്റ് അബ്ദുന്നാസിറിന്റെ ഒരു പ്രത്യേക ദൂതൻ സയ്യിദിനോട് വന്ന് പറഞ്ഞു: "താങ്കൾ ഏതാനും വരികളിൽ ക്ഷമാപണമെഴുതി പത്രങ്ങൾക്ക് പ്രസിദ്ധീകരണത്തിന് നൽകിയാൽ താങ്കളെ ജയിൽമോചിതനാക്കാം."

അതിന് ആ ധീരമുജാഹിദിന്റെ ദൃഢസ്വരത്തിലുള്ള മറുപടി: "മർദകനോട് ക്ഷമ യാചിക്കാൻ മർദിതനെ ഉപദേശിക്കുന്നവരുടെ കാര്യത്തിൽ എനിക്ക് അത്ഭുതമാണ് തോന്നുന്നത്. അല്ലാഹുവാണ, ക്ഷമ യാചിച്ചുകൊണ്ടുള്ള ഏതാനും വാക്കുകൾക്ക് എന്നെ തൂക്കുമരത്തിൽനിന്ന് രക്ഷപ്പെടുത്താൻ കഴിയുന്ന സന്ദർഭത്തിൽ പോലും ഞാൻ ക്ഷമായാചനക്ക് തയാറാവുകയില്ല. എന്റെ നാഥൻ എന്നെക്കുറിച്ചും ഞാൻ എന്റെ നാഥനെക്കുറിച്ചും സംതൃപ്തി പൂണ്ടുകൊണ്ട് അവന്റെ സവിധത്തിൽ സന്നിഹിതനാകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്."

1964-ൽ സയ്യിദ് ഖുത്ബിന്റെ ജയിൽവാസം പത്താം വർഷത്തിൽ പ്രവേശിച്ച കാലത്താണ് ഇറാഖ് പ്രസിഡന്റായിരുന്ന അബ്ദുസ്സലാം ആരിഫ് കയ്റോ സന്ദർശിക്കുന്നത്. സയ്യിദ് ഖുത്ബിന്റെ ഗ്രന്ഥങ്ങൾ വായിച്ചിരുന്ന അദ്ദേഹം ഖുത്ബിനെ മോചിപ്പിക്കാൻ ജമാൽ അബ്ദുന്നാസിറിനോട് ശിപാർശ ചെയ്തുവെന്ന് പറയപ്പെടുന്നു. അങ്ങനെ 1964-ൽ സയ്യിദ് ഖുത്ബ് ജയിൽമോചിതനായി. പക്ഷേ, മോചനത്തിന്റെ ഒരു വർഷം പൂർത്തിയാകുന്നതിന് മുമ്പ് വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു.

1965 ആഗസ്റ്റ് 27-ന് ജമാൽ അബ്ദുന്നാസിർ സോവിയറ്റ് റഷ്യ സന്ദർശിച്ചപ്പോൾ മോസ്കോയിൽ പഠിക്കുന്ന അറബി വിദ്യാർഥികളുടെ പ്രത്യേക യോഗത്തിൽ വെച്ച് ഇങ്ങനെ പ്രഖ്യാപിച്ചു: "ഈജിപ്തിൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ നടത്തിയ ഗൂഢാലോചന കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ഗവൺമെന്റിനെ അട്ടിമറിക്കാനും ഭരണ സ്ഥാപനങ്ങൾ നശിപ്പിക്കാനുമായിരുന്നു അവരുടെ പരിപാടി." പിന്നീട് ഈജിപ്തിൽ അറസ്റ്റുകളുടെ പരമ്പര തന്നെയായിരുന്നു. ആയിരക്കണക്കിൽ ഇഖ്‌വാൻ പ്രവർത്തകരെക്കൊണ്ട് ജയിലുകൾ നിറഞ്ഞു.

1965 നവംബർ ഒമ്പതിന് ഇഖ്‌വാൻ പ്രവർത്തകരെ വിചാരണ ചെയ്യുന്നതിന് പ്രസിഡന്റ് അബ്ദുന്നാസിർ പട്ടാള കോടതികൾ സ്ഥാപിച്ചു. കർക്കശ പ്രകൃതരും കാരുണ്യലേശമില്ലാത്തവരുമായ പട്ടാള ഓഫീസർമാരായിരുന്നു അതിലെ ജഡ്ജിമാർ. ലഫ്. ജനറൽ ഫുആദുദ്ദജ്‌വിയുടെ നേതൃത്വത്തിലായിരുന്നു കോടതി.

1966 ഏപ്രിൽ ഒമ്പതിന് സയ്യിദ് ഖുത്ബിന്റെ വിചാരണ ആരംഭിച്ചു. ഏകപക്ഷീയമായ വിചാരണ പ്രഹസനം മാത്രമായിരുന്നു. സുഡാൻ, മൊറോക്കോ, ജോർദാൻ തുടങ്ങിയ രാജ്യങ്ങളിലെ അഭിഭാഷകർ സ്വന്തം ചെലവിൽ ഈജിപ്തിലെത്തി സയ്യിദ് ഖുത്ബിനും കൂട്ടുകാർക്കും വേണ്ടി കേസ് വാദിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചുവെങ്കിലും ഈജിപ്ത് ഗവൺമെന്റ് അവർക്ക് പ്രവേശനാനുമതി നൽകിയില്ല. വിചാരണ സമയത്ത് നിരീക്ഷകരായി അഭിഭാഷകരെ അയക്കാൻ ആംനസ്റ്റി ഇന്റർനാഷനൽ ശ്രമം നടത്തിയെങ്കിലും അവർക്കും അനുവാദം ലഭിച്ചില്ല. വിചാരണ കഴിഞ്ഞ് നാലു മാസത്തിനു ശേഷമാണ് വിധി പ്രഖ്യാപനമുണ്ടാ

യത്. എന്തായിരിക്കും വിധിയെന്ന് സയ്യിദ് ഖുത്ബ് മുമ്പേ മനസ്സിലാക്കിയിരുന്നു.

സയ്യിദ് ഖുത്ബിന്റെ സഹതടവുകാരനായിരുന്ന അഹ്മദ് റാഇഫ് രേഖപ്പെടുത്തുന്നു: "വിചാരണ കഴിഞ്ഞ് വിധി പ്രതീക്ഷിക്കുന്നതിനിടയിൽ ഒരിക്കൽ എന്നെയും ചില കൂട്ടുകാരെയും ഭക്ഷണം തയാറാക്കുന്നതിനു വേണ്ടി അടുക്കളയിലേക്ക് കൊണ്ടുപോയി. വഴിയിൽവെച്ച് സയ്യിദ് ഖുത്ബുമായി സംസാരിക്കാൻ സന്ദർഭം ലഭിച്ചു. ഞാൻ ചോദിച്ചു: താങ്കളെന്താണ് പ്രതീക്ഷിക്കുന്നത്? ശാന്തമായ മനസ്സിൽനിന്ന് നിർഗളിച്ച പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു: ഞാനെന്റെ രക്ഷിതാവിന്റെ സന്നിധാനത്തിൽ ചെന്നുചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്."

1966 ആഗസ്റ്റ് 21ന് ലഫ്. ജനറൽ ഫുആദുദ്ദജ്‌വി 43 പ്രതികൾക്കെതിരെ വിധി പ്രഖ്യാപിച്ചു. ഏഴു പേർക്ക് വധ ശിക്ഷയും 25 പേർക്ക് ജീവപര്യന്തവും 11 പേർക്ക് 10 മുതൽ 5 വർഷം വരെ കഠിന തടവും. സംഘടനാ നേതാക്കളായ സയ്യിദ് ഖുത്ബ്, മുഹമ്മദ് യൂസുഫ് ഹവാശ്, അബ്ദുൽ ഫത്താഹ് ഇസ്മാഈൽ, സ്വബ്‌രീ അറഫ, അഹ്മദ് അബ്ദുൽ മജീദ്, മജ്ദീ അബ്ദുൽ അസീസ്, അലി അശ്മാവീ എന്നിവർക്കായിരുന്നു വധശിക്ഷ. നിരോധിക്കപ്പെട്ട അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ സംഘടനയെ പുനരുജ്ജീവിപ്പിക്കാനും പ്രസിഡന്റ് ജമാൽ അബ്ദുന്നാസിറിനെയും ഉയർന്ന പട്ടാള ഉദ്യോഗസ്ഥരെയും വധിക്കാനും ഗൂഢാലോചന നടത്തി എന്നായിരുന്നു ആരോപിത കുറ്റം.

കോടതിവിധി പ്രഖ്യാപിക്കുന്ന ദിവസം പ്രതികളെയെല്ലാം പ്രതിക്കൂട്ടിൽ കയറ്റിനിർത്തി. പിന്നീട് ഓരോരുത്തരെയും കൂട്ടിനരികിലുള്ള മുറിയിലേക്ക് വിളിച്ചു വരുത്തി വിധി കേൾപിക്കുകയാണ് ചെയ്തത്. സയ്യിദ് ഖുത്ബിനെ വിധി കേൾപിച്ചപ്പോഴുണ്ടായ പ്രതികരണം പ്രതികളിലൊരാളായ മംദൂഹുദ്ദീരി ഓർക്കുന്നു: "വിധി പ്രഖ്യാപിക്കുന്ന ദിവസം ഞങ്ങളെ സിവിൽ ഡിഫൻസിന്റെ വാഹനത്തിൽ കൊണ്ടുവന്ന് കൂട്ടിൽ കയറ്റി. കൂട്ടിനു സമീപമുള്ള മുറിയിൽ വിധികൾ രേഖപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥനുണ്ടായിരുന്നു. അവർ സയ്യിദ് ഖുത്ബിന്റെ പേര് വിളിച്ച് മുറിയിൽ കൊണ്ടുപോയി വിധി കേൾപിച്ചു. വിധി രേഖപ്പെടുത്തുന്ന വ്യക്തി കരയുന്നതായി ഞങ്ങൾ കണ്ടു. അപ്പോൾ ഞങ്ങൾ മനസ്സിലാക്കി, വിധി വധശിക്ഷയായിരിക്കുമെന്ന്. വിധി കേട്ടപ്പോൾ സയ്യിദ് 'അൽഹംദുലില്ലാഹ്' (അല്ലാഹുവിന് സ്തുതി) എന്ന് പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി."



അബ്ദുൽ ഫത്താഹ് | അബ്ദുൽഖാദിർ ഔദ | ഇബ്റാഹീം ത്വയ്യിബ്

**ഒരുപാട് അർഥതലങ്ങളുള്ളതാണ് ആ മാസ്മരിക പുഞ്ചിരി. വരും തലമുറകൾക്ക് ഒരു വലിയ സന്ദേശമാണത് നൽകുന്നത്. ആഹ്ലാദത്തിന്റെയും ആത്മനിർവൃതിയുടെയും പുഞ്ചിരിയാണത്. മനഃസമാധാനത്തിന്റെയും ശുഭ പ്രതീക്ഷയുടെയും പുഞ്ചിരി. മഹാ സൗഭാഗ്യം കൈവന്നതിന്റെ പുഞ്ചിരി. ആദർശസമരത്തിൽ വിജയശ്രീലാളിതനായതിന്റെ പുഞ്ചിരി.**

വധശിക്ഷാവിധി വായിച്ചു കേൾപിച്ചപ്പോൾ സയ്യിദ് ഖുത്ബ് അവസാനമായി പറഞ്ഞു: "ഇത്തവണ ഗവൺമെന്റിന് എന്റെ ശിരസ്സാണ് ആവശ്യമെന്ന് എനിക്ക് ആദ്യമേ അറിയാം. എനിക്കതിൽ ഒട്ടും ഖേദമില്ല. മരണത്തെക്കുറിച്ച് എനിക്ക് ദുഃഖമില്ല. ലക്ഷ്യത്തിനു വേണ്ടി ജീവൻ ബലിയർപ്പിക്കാൻ സാധിച്ചതിൽ സന്തോഷമേയുള്ളൂ. ഞങ്ങളോ ഭരണകൂടമോ ആരായിരുന്നു സത്യമാർഗത്തിൽ എന്ന് ഭാവി ചരിത്രകാരന്മാർ രേഖപ്പെടുത്തും. അല്ലാഹുവിന് സ്തുതി. കഴിഞ്ഞ പതിനഞ്ചു വർഷമായി രക്തസാക്ഷ്യത്തിന് വേണ്ടി പ്രവർത്തിക്കുകയായിരുന്നു ഞാൻ."

വധശിക്ഷയിൽ ഒട്ടും അസ്വസ്ഥനായിരുന്നില്ല സയ്യിദ്. ദൃഢവിശ്വാസിയായ അദ്ദേഹം ദൈവികവിധിയിൽ പൂർണ സംതൃപ്തനായിരുന്നു. കോടതിയുടെ വിധിപ്രഖ്യാപനം കഴിഞ്ഞ് സൈനബുൽ ഗസ്സാലിയെയും സഹോദരി ഹമീദാ ഖുത്ബിനെയും അവരുടെ തടവറയിൽ ചെന്ന് അദ്ദേഹം സന്ദർശിക്കുകയുണ്ടായി. സൈനബുൽ ഗസ്സാലിക്ക് 25 വർഷവും ഹമീദാ ഖുത്ബിന് 10 വർഷവും കഠിന തടവാണ് ശിക്ഷ വിധിക്കപ്പെട്ടിരുന്നത്. പ്രസ്തുത സന്ദർശനത്തെ സംബന്ധിച്ച് സൈനബുൽ ഗസ്സാലി എഴുതുന്നു:

"അദ്ദേഹം ഞങ്ങളുടെ അടുത്തിരുന്നു. സർവശക്തനായ അല്ലാഹുവിന്റെ വിധിയെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി: അല്ലാഹുവിന്റെ വിധിയെ മറികടക്കാൻ ആർക്കും സാധ്യമല്ല. എനിക്കവൻ വിധിച്ചിട്ടുള്ളത് ഇതായിരിക്കാം. പരിപൂർണ സംതൃപ്തിയോടും വിധേയത്വത്തോടും കൂടി അത് സ്വീകരിക്കാൻ ഞാൻ സന്നദ്ധനാണ്. അതിനപ്പുറം നമുക്കൊന്നിനും നിർവാഹമില്ല. ഞാൻ വധിക്കപ്പെടുന്നതോർത്ത് നിങ്ങളാരും ദുഃഖിക്കരുത്. കാരണം, നിങ്ങൾക്കുതന്നെ അറിയാവുന്ന പോലെ ഞാൻ അല്ലാഹുവിന്റെ സമക്ഷത്തിങ്കലേക്കാണ് പോവുന്നത്. എല്ലാം അവനിൽ അർപിച്ച് സമാധാനിക്കുക."

പ്രസിഡന്റ് അബ്ദുന്നാസിറിന് ദയാ ഹരജി സമർപ്പിക്കാൻ ആരോ ആവശ്യപ്പെട്ടപ്പോൾ സയ്യിദ് ഖുത്ബിന്റെ മറുപടി ഇങ്ങനെയായിരുന്നു: "നമസ്കാരത്തിൽ അല്ലാഹുവിന്റെ ഏകത്വം ഉയർത്തിപ്പിടിക്കാൻ ഉപയോഗിക്കുന്ന ചൂണ്ടുവിരൽ ഒരേകാധിപതിയുടെ വിധി അംഗീകരിക്കുന്ന ഒരക്ഷരവും എഴുതാൻ ഒരുക്കമല്ല. എന്തിനാണ് ഞാൻ ദയാഹരജി സമർപ്പിക്കുന്നത്? ഞാൻ ജയിലിലടക്കപ്പെട്ടത് ന്യായത്തിന്റെ പേരിലാണെങ്കിൽ ആ ന്യായത്തിന്റെ വിധി സ്വീകരിക്കാൻ ഞാൻ സന്നദ്ധനാണ്. ഇനി ഞാൻ തുറുങ്കിലടക്കപ്പെട്ടത് അന്യായമായിട്ടാണെങ്കിൽ ആ അന്യായത്തോട് ദയാ യാചന നടത്താൻ എനിക്ക് സാധ്യമല്ല."

1966 ആഗസ്റ്റ് 29 തിങ്കളാഴ്ച പ്രഭാതത്തിൽ സയ്യിദ് ഖുത്ബും സഹപ്രവർത്തകരായ അബ്ദുൽ ഫത്താഹ് ഇസ്മാഈലും മുഹമ്മദ് യൂസുഫ് ഹവാശും ഉറച്ച കാൽവെപ്പുകളോടെ സുസ്മേരവദനരായി കൊലക്കയർ കഴു

ത്തിലണിഞ്ഞു.

വധശിക്ഷ നടപ്പാക്കുന്ന രാത്രി മിലിട്ടറി ജയിലിൽനിന്ന് വധശിക്ഷ നടപ്പാക്കുന്ന ജയിലിലേക്ക് സയ്യിദിനെയും കൂട്ടുകാരെയും കൊണ്ടുപോകുന്ന രംഗം ടെലിവിഷൻ പ്രക്ഷേപണം ചെയ്യുകയുണ്ടായി. അത് വീക്ഷിച്ച ഒരാൾ റിപ്പോർട്ട് ചെയ്യുന്നു: "ഞങ്ങൾ ടെലിവിഷനിൽ വാർത്ത ശ്രദ്ധിക്കുകയായിരുന്നു. അപ്പോൾ സയ്യിദ് ഖുത്വ്ബ് നടുനിവർത്തി പുഞ്ചിരി തൂകി സന്തോഷവാനായി ജയിലിൽനിന്ന് പുറത്തുവരുന്നത് കണ്ടു. ജയിലിനു മുമ്പിൽ വെച്ച് അവിടെയുണ്ടായിരുന്ന ഓരോ പട്ടാളക്കാരനും ജയിലുദ്യോഗസ്ഥനും നേരെ കൈനീട്ടി ഹസ്തദാനം ചെയ്ത് സലാം പറയുന്നതായും പ്രഭ ചൊരിയുന്ന പുഞ്ചിരിയോടെ യാത്ര പറയുന്നതായും ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു.

പിന്നീടദ്ദേഹം സൈനിക വാഹനത്തിൽ കയറിയശേഷവും മുഖത്തെ പുഞ്ചിരി മായാതെ, പുറത്തുനിൽക്കുന്ന പട്ടാളക്കാരോടും ജയിലുദ്യോഗസ്ഥരോടും വിടപറഞ്ഞ് കൈ ഉയർത്തുകയും അഭിവാദ്യം ചെയ്യുകയും ചെയ്തു. വാഹനം ചലിക്കാൻ തുടങ്ങുമ്പോഴും അതിനരികെ നിൽക്കുന്നവരുടെ നേരെ പുഞ്ചിരി തൂകി നോക്കുന്നുണ്ടായിരുന്നു."



മുഹമ്മദ് ഫർഗാലി



യൂസുഫ് ഹവാശ്



സൈനബുൽ ഗസ്സാലി

ഈ പുഞ്ചിരിക്കുന്ന ചിത്രം ലോകത്തുടനീളമുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ശഹീദിനെ സംബന്ധിച്ച് എഴുതപ്പെടുന്ന പുസ്തകങ്ങളിലും രക്തസാക്ഷ്യം അനുസ്മരിക്കപ്പെടുന്ന സന്ദർഭങ്ങളിൽ ഇറങ്ങുന്ന പത്രമാസികകളിലും ഈ ചിത്രം ഇന്നും പ്രസിദ്ധീകരിക്കപ്പെടുന്നു.

ഒരുപാട് അർഥതലങ്ങളുള്ളതാണ് ആ മാസ്മരിക പുഞ്ചിരി. വരും തലമുറകൾക്ക് ഒരു വലിയ സന്ദേശമാണത് നൽകുന്നത്. ആഹ്ലാദത്തിന്റെയും ആത്മനിർവൃതിയുടെയും പുഞ്ചിരിയാണത്. മനഃസമാധാനത്തിന്റെയും ശുഭ പ്രതീക്ഷയുടെയും പുഞ്ചിരി. മഹാ സൗഭാഗ്യം കൈവന്നതിന്റെ പുഞ്ചിരി. ആദർശസമരത്തിൽ വിജയശ്രീലാളിതനായതിന്റെ പുഞ്ചിരി.

"അല്ലാഹുവോട് ചെയ്ത കരാർ പാലിക്കുന്നതിൽ സത്യസന്ധത പുലർത്തിയ ചില ആളുകൾ സത്യവിശ്വാസികളിലുണ്ട്. അങ്ങനെ അവരിൽ ചിലർ (രക്തസാക്ഷ്യത്തിലൂടെ) തങ്ങളുടെ പ്രതിജ്ഞ നിറവേറ്റി. ഇനിയും അവസരം കാത്ത് കഴിയുന്ന വേറെ ചിലരുണ്ട്. അവർ കരാറിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല" (വിശുദ്ധ ഖുർആൻ). ■